പത്രക്കുറിപ്പ്

24.05.2017

## കുടുംബശ്രീ വിപണന മേളകൾ സംരംഭമികവിന്റെ ഉദാഹരണം: ജില്ലാ കലക്ടർ

ആലപ്പുഴ: കുടുംബശ്രീ വിപണന മേളകൾ സംരംഭ മികവിന്റെ മികച്ച ഉദാഹരണമാണെന്ന് ജില്ലാ കളക്ടർ വീണ.എം. മാധവൻ . കുടുംബശ്രീ 19-ാം വാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് ടൗൺ ഹാളിൽ സംഘടിപ്പിച്ച ഉൽപ്പന്ന പ്രദർശന വിപണന മേളയുടെയും ഭക്ഷ്യ മേളയുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു കലക്ടർ.

കേരളത്തിൽ എല്ലാവർക്കും അറിയാവുന്ന ഒരു പേരായി കുടുംബശ്രീ മാറിയിരിക്കുന്നു. നൂതനവും വ്യത്യസ്തവുമായ നിരവധി സംരംഭങ്ങളാണ് കുടുംബശ്രീ എറ്റെടുത്തു ചെയ്യുന്നത്. സ്ത്രീകളെ കൊണ്ട് ഇത്തരം സംരംഭങ്ങൾ ചെയ്യാൻ കഴിയുമോ എന്ന് സംശയിച്ചവർ എറെയാണ്. എന്നാൽ അവർ ഒരു ദിവസം വീട്ടിൽ ചെയ്യുന്ന ജോലികൾ കണക്കിലെടുത്താൽ ഒരുപാട് വിലമതിക്കുന്നതാണ്. വീട്ടുകാര്യങ്ങൾ ചെയ്യുന്ന അനുഭവസമ്പത്ത് കൊണ്ടു മാത്രം അവർക്ക് ധനപരമായ കാര്യങ്ങൾ ഉൾപ്പെടെ സമൂഹത്തിന് ഉപകാരപ്രദമാകുന്ന വിധം ഭംഗിയായി കൈകാര്യം ചെയ്യാൻ കഴിയുമെന്നും കലക്ടർ പറഞ്ഞു.

ബീന കൊച്ചുവാവ അദ്ധ്യക്ഷത വഹിച്ചു. കുടുംബശ്രീ ഡയറക്ടർ എൻ .കെ . ജയ സ്വാഗതം പറഞ്ഞു. കയർ ബോർഡ് ചെയർമാൻ ആർ നാസർ, നഗരസഭാ കൗൺസിലർ കവിത ടീച്ചർ, വൈപ്പിൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും കുടുംബശ്രീ ഗവേണിങ്ങ് ബോഡി അംഗവുമായ ഡോ.കെ. കെ. ജോഷി എന്നിവർ ആശംസാപ്രസംഗം നടത്തി. ജില്ലാ മിഷൻ അസിസ്റ്റന്റ് കോ- ഓഡിനേറ്റർ സുനിൽ പി. നന്ദി പറഞ്ഞു